DESPATCHED
On. 06/02/2020
7.1.20.



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

## ഹർജി നമ്പർ AP No. 628(6)/2018/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2652/എസ്.ഐ.സി–ജി 5/2018)**

**സന്നിഹിതൻ**

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

**ശ്രീ.സി.കെ.ഗോവിന്ദൻ,**
**പ്രസിഡന്റ്, ഇടുക്കി ജില്ലാ എസ്.സി./എസ്.റ്റി**
**ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റി,**
**അടിമാലി, ഇടുക്കി–685561.** } **അപ്പീൽ ഹർജിക്കാരൻ**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
   കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ
   വികസന സഹകരണ ഫെഡറേഷൻ, **പേരൂർക്കട,**
   **തിരുവനന്തപുരം–695005**

2. **അപ്പീൽ അധികാരി & മാനേജിംഗ് ഡയറക്ടർ,**
   കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ
   വികസന സഹകരണ ഫെഡറേഷൻ, **പേരൂർക്കട,**
   **തിരുവനന്തപുരം–695005**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03/01/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/01/2018,17/02/2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 14/03/2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 17/03/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് തീയതിയും സ്ഥലവും | 03/01/2020<br>സംസ്ഥാന വിവരാവകാശ<br>കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം : അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരനായ ശ്രീ.സി.കെ ഗോവിന്ദൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഇടുക്കി ജില്ലാ പട്ടികജാതി/പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ സമർപ്പിച്ച അപേക്ഷയ്ക്ക് ശേഷം അഫിലിയേഷൻ നൽകിയിട്ടുള്ള സംഘങ്ങളുടെ ലിസ്റ്റ് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് നൽകിയിട്ടില്ല എന്നും മറ്റുമാണ്.

2.എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കേരള സ്റ്റേറ്റ് പട്ടികജാതി/പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ 16/05/2015–നുശേഷം എത്ര പട്ടികജാതി/പട്ടിക വർഗ്ഗ വികസന സഹകരണ സംഘങ്ങൾക്കാണ് അഫിലിയേഷൻ നൽകി അംഗത്വം കൊടുത്തിട്ടുള്ളതെന്നും ആ സംഘങ്ങളുടെ പേര്, മേൽവിലാസം നൽകണമെന്നുമാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 16 പേജുകളിൽ ഉൾക്കൊള്ളുന്നു എന്നും ആയത് ലഭ്യമാക്കുന്നതിലേക്കായി 32 രൂപ ഫീസ് ഒടുക്കി രസീത് ഹാജരാക്കണമെന്നുമാണ്.

3. കമ്മീഷന്റെ ഹിയറിംഗ് നോട്ടീസ് ലഭിച്ച ശേഷം പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ 27/12/19 തീയതി സമർപ്പിച്ച മറുപടി കത്തിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷ പിൻവലിക്കുന്നു എന്നുമാണ്.

4. മേൽ പ്രസ്താവിച്ച കത്തിന്റെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ, മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 7–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

bm

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION